# പോരൂർ ക്ലസ്റ്റർ

## എൽ.എസ്.എസ് മാതൃകാ പരീക്ഷ 2016

### ചോദ്യപേപ്പർ തയ്യാറാക്കിയത്

1. ബീന, കെ.എം.എം.എ.യു.പി.എസ് ചെറുകോട്
2. ശോഭ കെ കുന്നുമ്മൽ, കെ.എം.എം.എ.യു.പി.എസ് ചെറുകോട്
3. ബിന്ദു, എ.എൽ.പി.എസ് തൊടികപ്പുലം
4. വിദ്യ, ജി.എൽ.പി.എസ് പോരൂർ
5. രാജേഷ്, എ.എൽ.പി.എസ് എടപ്പുലം
6. ബാബു, എ.എൽ.പി.എസ് അയനിക്കോട്
7. ജോബിൻ , എ.എൽ.പി.എസ് വീതനശ്ശേരി
8. ജോ ലാൽ, ജി.എൽ.പി.എസ് പട്ടണംകുണ്ട്
9. വിനയൻ, ജി.എൽ.പി.എസ് പട്ടണംകുണ്ട്

# പോരൂർ ഗ്രാമപഞ്ചായത്ത്
# LSS മോഡൽ പരീക്ഷ 2015 –16

## പേപ്പർ - I

സമയം 1.30 മണിക്കൂർ

---

## Part A: മലയാളം

### I. വിശദമായി ഉത്തരമെഴുതുക

1. ഈ ഗദ്യഭാഗം വായിക്കുക

കേരളത്തിലെ ഒരു ക്ഷേത്രകലയാണ് കൂത്ത് ആദ്യകാലത്ത് പ്രബന്ധകൂത്ത് എന്നപേരിലും ഇതറിയപ്പെട്ടു ചാക്യാർ സമുദായത്തിൽപ്പെട്ടവരാണ് ഈ കല രംഗത്തവതരിപ്പിക്കുന്നത്. അന്ന് ശ്രോതാക്കളിൽ നർമ്മബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ ഒരാൾ രംഗത്ത് നിന്നും പുരാണ കഥകൾ ഹാസ്യം കലർത്തി പറഞ്ഞ് കേൾപ്പിച്ചിരുന്നു. പിൽക്കാലത്ത് കാവ്യ പ്രബന്ധങ്ങളിൽ ശ്ലോകങ്ങൾ ചൊല്ലി വ്യാഖ്യാനിച്ച് അഭിനയിച്ച് കഥ പറയുന്ന രീതി തുടങ്ങി. ആരെയും കഥകളിലൂടെ പരിഹസിക്കാനും വിമർശിക്കാനുമുള്ള സ്വാതന്ത്ര്യം ചാക്യാർക്ക് ഉണ്ടായിരുന്നു നാക്ക്യ ശാസ്ത്രത്തിലെ അഭിനയങ്ങളിൽ ഒരു സമ്പ്രദായ വിഷയമാണ് ചാക്യാർകൂത്ത്. കൂത്തമ്പലങ്ങളിൽ വെച്ച് മാത്രമാണ് ആദ്യകാലങ്ങളിൽ കൂത്ത് അവതരിപ്പിച്ചിരുന്നത്. ദൈവവാദ്യങ്ങളായ മിഴാവ്, ശംഖ്, ഇടയ്ക്ക കുറുംകുഴൽ, താളക്കൂട്ടം എന്നിവയാണ് ചാക്യാർകൂത്തിൽ ഉപയോഗിക്കപ്പെടുന്ന വാദ്യങ്ങൾ. കൂത്ത് ഏകാംഗാഭിനയമാണ്. നീണ്ടകാലത്തെ അഭ്യസനം ഈ കല സ്വയത്തമാക്കാൻ ആവശ്യമാണ്. കൂത്തിനുപയോഗിക്കുന്ന പ്രധാന പ്രബന്ധങ്ങൾ രാജസൂയം, ഭഗവത്ദൂത്, സുഭദ്രാഹരണം, നൃഗമോക്ഷം, പാഞ്ചാലീ സ്വായം വരം, വാമനാവതാരം, നിരനുനാസികം, കൂചേലവൃത്തം, ദക്ഷയാഗം, കിരാതം, രാമായണം, സ്യമന്തകം, ത്രിപുരദഹനം, പാർവ്വതീ സ്വയംവരം, തുടങ്ങിയവയാണ്, ഒരു കാലത്ത് ക്ഷേത്ര കലകളിൽ മുൻപന്തിയിലായിരുന്നു ഈ ദൃശ്യകല.

a) ഏതു സമുദായത്തിൽപെട്ടവരാണ് കൂത്ത് രംഗത്തവതരിപ്പിക്കുന്നത്? (1 സ്കോർ)

b) കൂത്തിനുപയോഗിക്കുന്ന പ്രധാന പ്രബന്ധങ്ങൾ ഏതെല്ലാം? വാദ്യോപകരണങ്ങൾ ഏതെല്ലാം ? (3 സ്കോർ)

c) ആദ്യകാലങ്ങളിൽ എവിടെ വെച്ചാണ് കൂത്ത് അവതരിപ്പിച്ചിരുന്നത്? (1 സ്കോർ)

2. “മലയപ്പുലയനാ മാടത്തിൻ മുറ്റത്തു
മഴവന്ന നാളൊരു വാഴനട്ടു

മനതാരിലാശകൾ പോലതിലോരോരോ
മരതകക്കൂമ്പുപൊടിച്ചുവന്നു.
മഴയെല്ലാം പോയപ്പോൾ
മാനം തെളിഞ്ഞപ്പോൾ
മലയന്റെ മാടത്തപാട്ടുപാടി
മരമെല്ലാം പൂത്തപ്പോൾ
കുളിർകാറ്റു വന്നപ്പോൾ
മലയന്റെ മാടവും പൂക്കൾ ചൂടി
ഉഴുതുവാൻ രാവിലെ പോകും പുലയനും
അഴകിയും പോരുമ്പോളന്തിയാകും
ചെറുവാഴത്തയ്യിനു വെള്ളമൊഴിക്കുവാൻ
മറവി പറ്റാറില്ലവർക്കും ചെറ്റും
അനുദിനമങ്ങനെ ശുശ്രൂഷ-
ചെയ്കയാൽ - അതുവേഗം വേഗം
വളർന്നു വന്നു
അജബാല ബാലനിൽ ഗ്രാമീണ കന്യതൻ
അനുരാഗ കന്ദളമെന്ന പോലെ"

a) ഈ കവിത ആരെഴുതിയതാണ് (1 സ്കോർ)

b) ഈ കവിതയുടെ പേരെഴുതുക (1 സ്കോർ)

c) മഴക്കാലം മാറി എന്ന സാരാംശം ഉൾക്കൊള്ളുന്ന വരികൾ ഏതെല്ലാം? (3 സ്കോർ)

**II ഒറ്റവാക്കിൽ ഉത്തരമെഴുതുക**

1. തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാര്? (1 സ്കോർ)
2. "എനിക്കുപൊക്കമില്ലൊട്ടും എന്നെ പൊക്കാതിരിക്കുവിൻ" - ആരുടെ വരികൾ ? (1 സ്കോർ)
3. 'പകലുറക്കം' - ഈ പദം പിരിച്ചെഴുതുക. (1 സ്കോർ)
4. 'പുത്തൻകലവും അരിവാളും പൂതപ്പാട്ടും' ആരുടെ കൃതി? (1 സ്കോർ)
5. ജ്ഞാനപീഠംപുരസ്കാരം ലഭിച്ച, ജീവിച്ചിരിക്കുന്ന മലയാള കവി (1 സ്കോർ)
6. മേനി എന്ന പദത്തിന്റെ അർത്ഥം ?
   (പൂവ്, വെള്ളം, ശരീരം, രാത്രി) (1 സ്കോർ)
7. വിണ്ണ്, ഗഗനം, ഗീതം, മാനം - കൂട്ടത്തിൽ പെടാത്തതേത്? (1 സ്കോർ)

8. ശരിയായ പദമേത്? (1 സ്കോർ)

(a) അഭിപ്രായം b) അബിപ്രായം c) അപിപ്രായം d) അമ്പിപ്രായം)

9. ഉചിതമായ ചിഹ്നം ചേർക്കുക (1 സ്കോർ)

എന്തു നല്ല പൂവ് (? . ; : , ! ) (1 സ്കോർ)

10. ഏതു നദിയുടെ തീരത്താണ് കുത്തബ് മിനാർ? (1 സ്കോർ)

## Part B - English

I.a) Answer the riddle given below (1 Score )

I have large round eyes

I can see only at night

My name is a three letter word

Who Am I?

b) Choose Appropriate word from the bracket (1 Score )

The crows flew away one after another and ---------

[disapeared, disappeared, desapeared, disapeered]

c) Write a description about your ' **Mother**' (3 Score )

II.a) Write a meaningful word from the letters (1 Score )

| | | | | | | | |
|---|---|---|---|---|---|---|---|
| R | E | T | S | A | S | D | I |

b) Choose the odd one (1 Score )

[Tiger, Lion, Deer, Fox]

c) Read the following poem and add more lines (3 Score )

We are swimming

We are swimming

We are swimming like the fish

The sky is blue

The water is blue

We are swimming in the pond

-----------------------------------------

-----------------------------------------

-----------------------------------------

-----------------------------------------

## Part C: പൊതു വിജ്ഞാനം

I. ശരിയുത്തരം ബ്രാക്കറ്റിൽ നിന്നും തെരഞ്ഞെടുത്തെഴുതുക.

1. കേരള നിയമ സഭയിലെ അംഗങ്ങളുടെ എണ്ണം എത്ര? (1 സ്കോർ)

   ( 140, 141, 245, 543)

2. ദേശീയ ശാസ്ത്ര ദിനം ഏത്? (1 സ്കോർ)

   ( ജനുവരി 10, മാർച്ച് 11, ഫെബ്രുവരി 28, ആഗസ്റ്റ് 8)

3. മലപ്പുറം ജില്ല നിലവിൽ വന്ന വർഷം? (1 സ്കോർ)

   ( 1969 ജൂൺ 16, 1972 ഒക്ടോബർ 10, 1985 നവംബർ 1, 1991 ജനുവരി 1)

4. ഹരിത വിപ്ലവത്തിന്റെ പിതാവാര്? (1 സ്കോർ)

   ( സാലിം അലി, M.S സ്വാമിനാഥൻ, C.V രാമൻ, വർഗീസ് കുര്യൻ)

5. പ്രഥമ പഞ്ചവത്സര പദ്ധതി ആരംഭിച്ച വർഷം? (1 സ്കോർ)

   ( 1950, 1952, 1951, 1947)

6. കമ്പ്യൂട്ടറിന്റെ തലച്ചോർ എന്നറിയപ്പെടുന്ന ഭാഗം? (1 സ്കോർ)

   (മോണിറ്റർ, യു.പി.എസ്, സി.പി.യു, മൗസ്)

7. ഇലക്കറികളിൽ നിന്നും ലഭിക്കുന്ന ജീവകം ഏത്? (1 സ്കോർ)

   (ജീവകം C, ജീവകം D, ജീവകം A, ജീവകം B)

8. 2015 – ലെ വയലാർ അവാർഡ് നേടിയ കൃതി ഏത്? (1 സ്കോർ)

9. 2016 എന്തു വർഷമായിട്ടാണ് ആചരിക്കുന്നത്? (1 സ്കോർ)

10. മനുഷ്യ ശരീരത്തിൽ കാൻസർ ബാധിക്കാത്ത ഒരു അവയവം ഏത്? (1 സ്കോർ)

# പോരൂർ ഗ്രാമപഞ്ചായത്ത്
# LSS മോഡൽ പരീക്ഷ 2015 -16

## പേപ്പർ - II

സമയം 1.30 മണിക്കൂർ

---

### Part A: പരിസരപഠനം

**I** വിശദമായി ഉത്തരമെഴുതേണ്ടവ

രാമു തന്റെ വീട്ടിലെ ഒരു പരന്ന പാത്രത്തിലെ ജലത്തിലേക്ക് ഒരു ഗ്ലാസ് കമഴ്ത്തിപ്പിടിച്ച് നേരെ താഴ്ത്തി. ഗ്ലാസിനകത്ത് വെള്ളം കയറുന്നില്ല. എന്നാൽ ഗ്ലാസ് ചെറുതായി ചെരിക്കുമ്പോൾ ചെറിയ കുമിളകൾ മുകളിലേക്ക് വരികയും ഗ്ലാസിനുള്ളിൽ വെള്ളം കയറുന്നതായും കണ്ടു. ഇതിന്റെ കാരണമെന്ത്?

**a).** ഇതിൽ നിന്നു രാമു എന്താണ് മനസ്സിലാക്കിയത്? (3 സ്കോർ)

**b).** വായുവിന് നിറമില്ല എന്നുള്ളത് വായുവിന്റെ ഒരു പ്രത്യേകതയാണല്ലോ. ഇതുപോലെ നിങ്ങൾക്കറിയാവുന്ന വായുവിന്റെ മറ്റു പ്രത്യേകതകൾ ഏവ? (2 സ്കോർ)

**II. a).** വസ്തുക്കൾക്ക് അവയുടെ അവസ്ഥ മാറ്റാൻ കഴിയുമോ? ഉദാഹരണ സഹിതം സമർത്ഥിക്കുക. (2 സ്കോർ)

**b)** താഴെ പറയുന്ന പ്രവർത്തനങ്ങളിൽ എന്ത് അവസ്ഥാ മാറ്റമാണ് സംഭവിക്കുന്നത്? (3 സ്കോർ)

1. എസ് ചൂടാകുമ്പോൾ
2. വെളിച്ചെണ്ണ തണുപ്പിക്കുമ്പോൾ
3. ജലം ചൂടാക്കുമ്പോൾ

**III** ഒറ്റവാക്കിൽ ഉത്തരമെഴുതുക

1. വസ്തുക്കളുടെ നാലാമത്തെ അവസ്ഥ ഏത്? (1 സ്കോർ)
2. കേരള സർക്കാർ ഏറ്റവും മികച്ച കർഷകനു നൽകുന്ന ബഹുമതി ഏത്? (1 സ്കോർ)
3. ലോകത്തിലെ ഏറ്റവും വിലകൂടിയ സുഗന്ധവ്യഞ്ജനം ഏത്? (1 സ്കോർ)
4. ഏറ്റവും കൂടുതൽ കടൽത്തീരമുള്ള ഇന്ത്യൻ സംസ്ഥാനം ഏത്? (1 സ്കോർ)
5. കൽപറ്റ ഏത് ജില്ലയുടെ ആസ്ഥാനമാണ്? (1 സ്കോർ)
6. ഇന്ത്യ വിക്ഷേപിച്ച ആദ്യത്തെ ബഹിരാകാശ നിരീക്ഷണ ഉപഗ്രഹം? (1 സ്കോർ)
7. ഇന്ത്യയുടെ സർവ്വസൈന്യാധിപൻ? (1 സ്കോർ)

8. ഈയിടെ അന്തരിച്ച 'കണ്ടൽക്കാടുകളുടെ തോഴൻ' എന്നറിയപ്പെടുന്ന പരിസ്ഥിതി പ്രവർത്തകൻ ആര്? (1 സ്കോർ)

9 അഗ്നിച്ചിറകുകൾ ആരുടെ ആത്മകഥയാണ്? (1 സ്കോർ)

10. ഈയിടെ ഭീകരാക്രമണം നടന്ന ഇന്ത്യൻ വ്യോമസേനാതാവളം ഏത്? (1 സ്കോർ)

## Part B: ഗണിതം

1. വിശദമായി ഉത്തരമെഴുതേണ്ടവ

സ്കൂൾ വാർഷികാഘോഷത്തിന്റെ വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു. പട്ടിക പൂർത്തിയാക്കി കണക്ക് അവതരിപ്പിക്കേണ്ട ചുമതല നാലാം ക്ലാസിലെ കുട്ടികൾക്കാണ് നിങ്ങളും അവരെ സഹായിക്കൂ. ( 3 സ്കോർ)

| ക്രമനമ്പർ | ഇനം | അളവ് | 1 kg യുടെ വില | ആകെ വില |
|---|---|---|---|---|
| 1. | പരിപ്പ് | 5 kg | .................. | 225 രൂപ |
| 2. | അരി | 28 kg | 35 രൂപ | ............. |
| 3. | വെണ്ട | 16 kg | 17 രൂപ | ............... |
| 4. | സവാള | 7kg | ........... | 350 രൂപ |
| 5. | തക്കാളി | 22kg | 14 രൂപ | ............... |
| 6. | കുമ്പളം | ......... | 9 രൂപ | 72 രൂപ |
| | | | ആകെ | ______ |

മറ്റു ചെലവുകൾ

II മൈക്ക്സെറ്റ് - 2575 രൂപ

III സ്റ്റേജ് - 5460 രൂപ

IV കസേര - 1860 രൂപ

ആകെ എത്ര രൂപ ചെലവായി? (1 സ്കോർ)

വാർഷികാഘോഷത്തിനായി 12500 രൂപ പിരിച്ചു കിട്ടിയിട്ടുണ്ട്. എങ്കിൽ ഇനി എത്ര രൂപ ബാക്കിയുണ്ടാകും? (1 സ്കോർ)

2. നീലിമല യു.പി സ്കൂളിലെ 1500 മീറ്റർ നീളവും 750 മീറ്റർ വീതിയുമുള്ള പച്ചക്കറിത്തോട്ടത്തിനു ചുറ്റും ജൈവവേലി കെട്ടാൻ തീരുമാനിച്ചു. 1 മീറ്റർ വേലി കെട്ടാൻ 18 രൂപ ചെലവു വരുമെങ്കിൽ തോട്ടത്തിനു ചുറ്റും വേലി കെട്ടാൻ എത്ര രൂപ ചെലവും വരും? ( 3 സ്കോർ)

3. ഇതിനുള്ള ചെലവിനായി കുട്ടികലിൽ നിന്നും 11714 രൂപ പിരിച്ചെടുത്തു. 32557 രൂപ നാട്ടുകാരിൽ നിന്നും പിരിച്ചെടുത്തു. ബാക്കി പാഞ്ചായത്ത് വിഹിതമായി കിട്ടി എന്നാൽ പഞ്ചായത്ത് വിഹിതമെത്ര? ( 2 സ്കോർ)

ഉത്തരമെഴുതുക.

1. റോമൻ അക്കം D സൂചിപ്പിക്കുന്ന സംഖ്യയേത്? (1 സ്കോർ)

(1000, 100, 500, 50)

2. ശനിയാഴ്ച 1.10 pm ന് കോഴിക്കോട്ടു നിന്ന് യാത്ര പുറപ്പെട്ട ട്രെയിൻ ഞായറാഴ്ച 2.30 am ന് തിരുവനന്തപുരത്തെത്തി. യാത്രാസമയം എത്ര മണിക്കൂർ? (1 സ്കോർ)

(13 മണിക്കൂർ 20 മിനിറ്റ്, 1 മണിക്കൂർ 20 മിനിറ്റ്, 3 മണിക്കൂർ 40 മിനിറ്റ്, 12 മണിക്കൂർ 30 മിനിറ്റ്)

3. 02.09.2013 മുതൽ 10.12.2013 വരെയുള്ള ദിവസങ്ങളിൽ ഒരു വിദ്യാലയത്തിൽ 25 അവധിദിവസങ്ങൾ ഉണ്ടായിരുന്നെങ്കിൽ എത്ര പ്രവർത്തി ദിനങ്ങൾ ഉണ്ടായിരുന്നു.

( 73, 74, 75, 76) (1 സ്കോർ )

4. താഴെ കൊടുത്തവയിൽ തുടർച്ചയായ രണ്ട് എണ്ണൽ സംഖ്യകളുടെ തുക ഏതാണ്?

(3864, 3765, 3432, 2848) (1 സ്കോർ)

5. ഒരു കാൽക്കുലേറ്ററും പേനയും കൂടി 120 രൂപയ്ക്ക് വാങ്ങി. കാൽക്കുലേറ്ററിന് പേനയേക്കാൾ 100 രൂപ കൂടുതലാണ് എങ്കിൽ കാൽകുലേറ്ററിന്റെ വിലയെന്ത്?

(105, 115, 100, 110) (1 സ്കോർ )

6. അച്ഛൻ ജനിച്ചത് 1978 – ൽ മകൻ ജനിച്ചത് 2006 ൽ അച്ഛനും മകനും തമ്മിലുള്ള പ്രായവ്യത്യാസം എത്ര? (1 സ്കോർ)

7. ഒരു സംഖ്യയെ **'9'** കൊണ്ട് ഹരിക്കുമ്പോൾ **' 8'** ശിഷ്ടം വരുന്ന ഒരു സംഖ്യയ്ക്ക് ഉദാഹരണം എഴുതുക.? (1 സ്കോർ)

**a)**. 25 **b)**. 42 **c)**. 107 **d)**. 121

8. 1+3+5+7+9 = -----------? (1 സ്കോർ)

9. ഒരു പേനയുടെ വില 26 രൂപ വിനു ഒരു ഡസൻ പേന വാങ്ങി. എങ്കിൽ എത്ര രൂപ കൊടുക്കണം. (1 സ്കോർ)

10. താഴെ കൊടുത്തിരിക്കുന്നവയിൽ രാമാനുജൻ സംഖ്യയേത്?

( 1792, 1729, 1728, 1629) (1 സ്കോർ)